# അക്കാദമിക
# മാസ്റ്റർ പ്ലാൻ
# 2025-2026

# സമഗ്ര



## എസ്.സി.റ്റി.എം.യു.പി. സ്കൂൾ

### ചെറുവള്ളി, കോട്ടയം

**വിദ്യാഭ്യാസ ജില്ല : കാഞ്ഞിരപ്പള്ളി**

**ഉപജില്ല : കറുകച്ചാൽ**

# എസ്.സി.റ്റി.എം.യു.പി. സ്കൂൾ ചെറുവള്ളി

| | | |
|---|---|---|
| സ്ഥാപിതം | : | കോട്ടയം |
| ജില്ല | : | കാഞ്ഞിരപ്പള്ളി |
| വിദ്യാഭ്യാസജില്ല | : | കറുകച്ചാൽ |
| മാനേജർ | : | കെ.ആർ. സോമനാഥപിള്ള |
| ഹെഡ്മാസ്റ്റർ | : | കെ.ബി. അജിത്കുമാർ |
| അദ്ധ്യാപകർ | : | ദീപ്തി എൻ (യു.പി.എസ്.റ്റി) |
| | : | എം.കെ. ജയകൃഷ്ണൻ (സംസ്കൃതം) |
| | : | അർച്ചനാദേവി (ഹിന്ദി) |
| | : | ബിജുകുമാർ കെ.ആർ (യു.പി.എസ്.റ്റി) |
| | : | ആതിര പി. നായർ (യു.പി.എസ്.റ്റി) |
| | : | ശരത് ആർ. നായർ (യു.പി.എസ്.റ്റി) |
| | : | ആർട്സി ജെ.ചിറപ്പുറം (യു.പി.എസ്.റ്റി) |
| അനദ്ധ്യാപകൻ | : | പി.എസ്. ഹരികുമാർ |

# ഉള്ളടക്കം


1. ആമുഖം
2. 2024-2025 മികവാർന്ന നേട്ടങ്ങൾ
3. കാഴ്ചപ്പാട്
4. പൊതുലക്ഷ്യങ്ങൾ
5. അക്കാദമികപ്രവർത്തനങ്ങൾ : മലയാളം
6. അക്കാദമിക പ്രവർത്തനങ്ങൾ : ഇംഗ്ലീഷ്
7. അക്കാദമിക പ്രവർത്തനങ്ങൾ : ഹിന്ദി
8. അക്കാദമിക പ്രവർത്തനങ്ങൾ : സംസ്കൃതം
9. അക്കാദമികപ്രവർത്തനങ്ങൾ : സോഷ്യൽ സയൻസ്
10. അക്കാദമിക പ്രവർത്തനങ്ങൾ : അടിസ്ഥാനശാസ്ത്രം
11. അക്കാദമികപ്രവർത്തനങ്ങൾ : ഗണിതശാസ്ത്രം
12. വായന ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും
13. കലാകായിക വിദ്യാഭ്യാസ
14. ജൈവവൈവിധ്യ പാർക്ക്

# ആമുഖം

രാവിലെ ക്ലാസ്സുകൾ തുടങ്ങുന്നതിനുമുമ്പ് സ്കൂളുകളിലെല്ലാം 'വഞ്ചി ഭൂമി പതേ ചിരം സഞ്ചിതാഭം ജയിക്കേണം' എന്ന രാജസ്തുതി പാടിയിരുന്ന കാലത്ത് ചെറുവള്ളി എന്ന ഈ ഗ്രാമത്തിലും സമീപപ്രദേശങ്ങളിലും പ്രൈമറി വിദ്യാഭ്യാസത്തിനുശേഷം തുടർന്നുള്ള അഭ്യസനത്തിന് സൗകര്യമില്ലാതിരുന്ന ചുറ്റുപാടുകളിലാണ് ഈ സ്കൂൾ സ്ഥാപിക്കപ്പെട്ടത്. കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി താലൂക്കിൽ ചിറക്കടവ് പഞ്ചായത്തിൽ ചെറുവള്ളി വില്ലേജിൽ 12-ാം വാർഡിലാണ് ഈ സ്കൂൾ സ്ഥിതിചെയ്യുന്നത്. അന്നത്തെ ഭരണാധികാരിയായിരുന്ന ശ്രീ ചിത്തിര തിരുനാൾ മഹാരാജാവിന്റെ തിരുനാമധേയത്തിൽ ചിറക്കടവ് സെന്റ് ഇഫ്രേംസ് എൽ.പി.സ്കൂളിൽ 18 വർഷം പ്രഥമാദ്ധ്യാപകനായി സേവനമനുഷ്ഠിച്ച കൂനാനിക്കൽ കെ കുമാരപിള്ള 1932-ൽ സ്ഥാപിച്ചതാണ് ഈ വിദ്യാലയം. മണിമലയാറിന്റേയും പുനലൂർ - മൂവാറ്റുപുഴ ദേശീയപാതയുടെയും ഒക്കത്ത് പ്രകൃതിഭംഗി നിറഞ്ഞ ചുറ്റുപാടുകളിൽ 41 സെന്റിലായി തലയുയർത്തി നിൽക്കുന്ന മൂന്നു കെട്ടിടങ്ങളിലാണ് 85 വർഷമായിട്ട് ഈ വിദ്യാലയം പ്രവർത്തിക്കുന്നുണ്ട്.

5 എ, 5 ബി ക്ലാസ്സുകളിലായി 74 വിദ്യാർത്ഥികളും 4 അദ്ധ്യാപകരും ഒരു പ്യൂണുമായി ആരംഭിച്ച ഈ സ്കൂൾ അന്നുമുതൽ ഇന്നുവരെ പാഠ്യരംഗത്തും പാഠ്യേതരരംഗത്തും മികച്ച നിലവാരം പുലർത്തിവരുന്നു. സാമൂഹ്യസേവനരംഗത്തും കലാരംഗത്തുമായി നിരവധി സംഭാവനകൾ നൽകാൻ ഈ വിദ്യാലയത്തിന് കഴിഞ്ഞിട്ടുണ്ട്. 86 - 87, 87 - 88 വർഷങ്ങളിൽ തുടർച്ചയായി രണ്ടുതവണ സംസ്ഥാന പ്രതിഭയായിരുന്ന ശ്രീ.കെ.ബി.അജിത്കുമാർ ഈ സ്കൂളിലെ പൂർവ്വ വിദ്യാർത്ഥിയും ഇപ്പോൾ ഇവിടുത്തെ അദ്ധ്യാപകനുമാണ്. അതുപോലെ ശാസ്ത്രരംഗത്തും അദ്ധ്യാപനരംഗത്തും ആതുരസേവനരംഗത്തും കലാരംഗത്തും മികവു തെളിയിച്ച ഒട്ടേറെ പ്രതിഭകളെ സംഭാവന ചെയ്യാൻ ഈ വിദ്യാലയത്തിനു സാധിച്ചിട്ടുണ്ട്. 6400-ൽപരം കുട്ടികൾ ഈ സരസ്വതി ക്ഷേത്രത്തിൽ ഇതുവരെ പഠനം നടത്തിയിട്ടുണ്ട്. സമൂഹത്തിൽ ഉന്നത പദവിയിലെത്തിയ എസ്.വി.ആർ.വി എൻ.എസ്.എസ് കോളേജിന്റെ ആദ്യ പ്രിൻസിപ്പലും തുടർന്ന് ചങ്ങനാശ്ശേരി എൻ.എസ്.എസ്.

# 2024 - 2025 ലെ മികവാർന്ന നേട്ടങ്ങൾ

ഇപ്പോൾ ഈ സ്കൂളിൽ 5,6,7 ക്ലാസുകളിൽ ഈ രണ്ടു ഡിവിഷനുകളിലായി 147 കുട്ടികൾ അദ്ധ്യയനെ നടത്തുന്നു. ഈ വർഷം ഒട്ടേറെ നേട്ടങ്ങൾ കൊയ്യാൻ ഇവിടുത്തെ കുട്ടികൾക്ക് സാധിച്ചിട്ടുണ്ട്.

കെ.സി.എം. മെമ്മോറിയൽ അഖിലകേരള ഗണിതശാസ്ത്ര ക്വിസിൽ ഇവിടുത്തെ കുട്ടികൾ രണ്ടാം സ്ഥാനം നേടി.

കറുകച്ചാൽ ഉപജില്ലാ ശാസ്ത്ര ക്വിസിൽ 2-ാം സ്ഥാനവും സയൻസ് ക്വിസ് മത്സരത്തിൽ 2-ാം സ്ഥാനവും ഐ.ടി ക്വിസിൽ 1-ാം സ്ഥാനവും നേടി നമ്മുടെ സ്കൂൾ മുന്നിലെത്തി.

കറുകച്ചാൽ ഉപജില്ലാ സാമൂഹ്യശാസ്ത്ര പ്രവർത്തിപരിചയമേളയിലും റണ്ണറപ്പ് ചാമ്പ്യന്മാരായി.

കറുകച്ചാൽ ഉപജില്ലാ കലോത്സവത്തിൽ ഇത്തവണയും 76 പോയിന്റുകളുമായി ഒന്നാം സ്ഥാനത്തെത്തി. സംസ്കൃതോത്സവത്തിൽ 74 പോയിന്റുകളുമായി നമ്മുടെ സ്കൂൾ ഒന്നാമതെത്തി. അതുപോലെ 29 വർഷവും തുടർച്ചയായി ഏകാങ്ക നാടകമത്സരത്തിൽ ഒന്നാം സ്ഥാനം നേടാനും മികച്ച നടൻ, മികച്ച നടിക്കുമുള്ള പുരസ്കാരം നേടാനും സാധിച്ചു. ഇംഗ്ലീഷ് സ്കിറ്റിലും ഒന്നാം സ്ഥാനം നേടി ഈ സ്കൂളിന്റെ കലാപാരമ്പര്യത്തെ വിളിച്ചറിയിക്കുന്നു.

പൊൻകുന്നം ജനകീയവായനശാല സംഘടിപ്പിച്ച വായനാമത്സരത്തിൽ ഒന്നാം സ്ഥാനം നേടാൻ സാധിച്ചു. ദേശാഭിമാനിപത്രത്തിന്റെ ആഭിമുഖ്യത്തിൽ നടന്ന അക്ഷരമുറ്റം ക്വിസിൽ സമ്മാനാർഹരായി.

ഗ്രൗണ്ടിന്റെ അഭാവത്തിലും വിദഗ്ദ്ധമായ പരിശീലനത്തിന്റെ അഭാവത്തിലും സബ്ജില്ലാ സ്പോർട്സിൽ മികച്ച വിജയം നേടി. വിദ്യാരംഗം കലാസാഹിത്യ, കഥാരചന, കവിതാരചന എന്നിവയിൽ സമ്മാനം നേടി.

2024 ലെ യു.എസ്.എസ് പരീക്ഷയിൽ ഏറ്റവും കൂടുതൽ കുട്ടികൾ മത്സരിക്കുകയും ഉന്നതവിജയം നേടാനും സാധിച്ചു. 5 കുട്ടികൾ യു.എസ്.എസ്. പരീക്ഷയിൽ വിജയിച്ച് ചരിത്ര വിജയം നേടി. പരീക്ഷയിൽ സബ്ജില്ലയിൽ ഏറ്റവും കൂടുതൽ കുട്ടികളെ പങ്കെടുപ്പിക്കുന്ന സ്കൂളുകളിലൊന്നായി നമ്മുടെ സ്കൂൾ മാറി.

സ്കൂളിലെ മുഴുവൻ കുട്ടികളും സ്വന്തമായി കൈയ്യെഴുത്തുമാസിക തയ്യാറാക്കിക്കൊണ്ട് ചരിത്രവിജയം നേടിയിരിക്കുകയാണിപ്പോൾ. ദിനാചരണങ്ങൾ എല്ലാം ആചരിക്കുകയും അതോടനുബന്ധിച്ച് മത്സരങ്ങൾ നടത്തി വിജയികളായ കുട്ടികൾക്ക് സമ്മാനങ്ങൾ നൽകുകയും ചെയ്യുന്നു.

സ്കൂൾ കുട്ടികളിൽ സാമൂഹ്യ പ്രതിബന്ധത വളർത്തിയെടുക്കുക എന്ന മഹനീയ ലക്ഷ്യത്തോടെ ഒരു ഗൈഡ് യൂണിറ്റ് സ്കൂളിൽ പ്രവർത്തിച്ചുവരുന്നു.

ആരോഗ്യകരമായ വളർച്ചയ്ക്കുതകുന്ന വിവിധയിനം കറികൾ ഉൾപ്പെടുത്തിക്കൊണ്ട് ഉച്ചഭക്ഷണം പരിപാടി ഭംഗിയായി നടക്കുന്നു. ആഴ്ചയിൽ രണ്ടു ദിവസം  പാലും ഒരു ദിവസം മുട്ടയും നൽകുന്നു. പ്രധാനപ്പെട്ട എല്ലാ ആഘോഷങ്ങളോടനുബന്ധിച്ചും  കുട്ടികൾക്ക് വിഭവസമൃദ്ധമായിത്തന്നെ ആഹാരം കൊടുക്കാൻ ശ്രദ്ധിക്കുന്നു. കുട്ടികളുടെ ജന്മദിനത്തോടനുബന്ധിച്ച് അവർ കറികൾ സ്പോൺസർ ചെയ്യുകയും ചെയ്യാറുണ്ട്.

മലയാളഭാഷ നന്നായി കൈകാര്യം ചെയ്യുന്നതിന് കുട്ടികളെ  പരിശീലിപ്പിക്കുന്നതിനായി  കുട്ടികളുടെ അക്ഷരം, ചിഹ്നങ്ങൾ  എന്നിവ ഉറപ്പിക്കുന്ന പരിപാടി ഉൾപ്പെടെയുള്ള 'അമ്മ മലയാളം' പദ്ധതി നടന്നുവരുന്നു.

ഗണിതം ലളിതം പദ്ധതിയിലൂടെ കണക്കിൽ പിന്നോക്കം നിൽക്കുന്ന  കുട്ടികൾക്കുവേണ്ടി പ്രത്യേക ഗണിതശാസ്ത്ര ക്ലാസ് നടത്തിവരുന്നു. ഈ രണ്ടുക്ലാസ്സുകൾക്കും പുറമെ പൊതുവിജ്ഞാനം വർദ്ധിപ്പിക്കുന്നതിനായി പൊതുവിജ്ഞാന ക്ലാസ്സും നടത്തിവരുന്നു.

കുട്ടികളുടെ സമഗ്രമായ വികസനം നടത്തുന്നതിനുവേണ്ടി എല്ലാ വിഷയങ്ങളുടെയും ക്ലബ്ബുകൾ രൂപീകരിക്കുകയും മുഴുവൻ കുട്ടികളെയും പങ്കെടുപ്പിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നു. വിദ്യാരംഗം കലാ-സാഹിത്യവേദിയുടെ നേതൃത്വത്തിൽ സ്കൂളിൽ നടത്തുന്ന പ്രവർത്തനങ്ങൾ കുട്ടികളുടെ കഴിവുകൾ മുഴുവൻ വികസിപ്പിക്കുന്ന തരത്തിലുള്ളതായിരുന്നു.

### വിദ്യാലയ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനുള്ള അനുബന്ധ സംവിധാനങ്ങൾ - നിലവിലെ അവസ്ഥ

| വിഭാഗം | നിലവിലെ അവസ്ഥ |
|---|---|
| എസ് ആർ ജി | മാസത്തിൽ രണ്ടുതവണ വീതം കൂടുന്നു. |
| പി റ്റി എ | പൊതുയോഗങ്ങളും കമ്മറ്റികളും കൂടുന്നു. പി.റ്റി.എയുടെ പൂർണ്ണ സഹകരണം കിട്ടുന്നു. |
| എം പി റ്റി എ | സ്കൂളിലെ എല്ലാ പ്രവർത്തനങ്ങളിലും എം പി റ്റി എയുടെ പൂർണ്ണസഹകരണം ലഭിക്കുന്നു |
| എസ്.എസ്.ജി | സ്കൂൾ വികസന പ്രവർത്തനങ്ങളിൽ സഹായിക്കുന്നു. |
| ജാഗ്രതാസമിതി | രൂപീകരിച്ച് പ്രവർത്തനം നടത്തുന്നു |

## ക്ലബ്ബ് പ്രവർത്തനങ്ങൾ

| | |
|---|---|
| ഗണിതശാസ്ത്രക്ലബ്ബ് | നല്ല രീതിയിൽ പ്രവർത്തിക്കുന്നു |
| സാമൂഹ്യശാസ്ത്രക്ലബ്ബ് | ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ദിനാചരണക്വിസ്, പോസ്റ്റർ രചന, കൊളാഷ് നിർമ്മാണം, ക്വിസ് പതിപ്പുകൾ എന്നിവ നടത്തുന്നു. |
| വിദ്യാരംഗം കലാസാഹിത്യവേദി | വിദ്യാരംഗം കലാസാഹിത്യവേദിയുടെ ആഭിമുഖ്യത്തിൽ രചനാ മത്സരങ്ങൾ, ശില്പശാല, ക്വിസ്, കൈയെഴുത്തുമാസിക എന്നിവ നടത്തുന്നു. |
| സയൻസ് ക്ലബ്ബ് | പാഠപുസ്തകത്തിലെ പരീക്ഷണങ്ങൾ നടത്തുക, ക്വിസ് മത്സരങ്ങൾ ഫീൽഡ് ട്രിപ്പ്, ജൈവവൈവിധ്യ പാർക്ക് |
| സംസ്കൃത കൗൺസിൽ | കൗൺസിലിന്റെ ആഭിമുഖ്യത്തിൽ ദിനാചരണം, പ്രദർശനം, വിവിധ മത്സരങ്ങൾ എന്നിവ നടത്തുന്നു |
| ഹെൽത്ത് ക്ലബ്ബ് | ശുചിത്വപ്രവർത്തനങ്ങൾ, മെഡിക്കൽ ക്യാമ്പ്, ബോധവൽക്കരണ ക്ലാസ്സുകൾ, പോസ്റ്റർ രചന, ദിനാചരണങ്ങൾ |
| ഹരിതക്ലബ്ബ് | പച്ചക്കറി കൃഷി, പരിസ്ഥിതി സംരക്ഷണം |

# മലയാളം

## മാതൃഭാഷാപഠനം - ആമുഖം

ആശയവിനിമയത്തിനും ഒരുവന്റെ വൈകാരിക വൈചാരിക അവസ്ഥകൾ ആവിഷ്കരിക്കുന്നതിനും ഏറെ സഹായകമായിട്ടുള്ളത് അവന്റെ മാതൃഭാഷയാണ്. മലയാളഭാഷാപഠനം പ്രൈമറി ക്ലാസ്സുകളിൽ നടത്തപ്പെടേണ്ടത് എങ്ങനെയാണ്? പാഠപുസ്തകങ്ങളിൽ മാത്രം കേന്ദ്രീകരിച്ചുള്ള അധ്യയനരീതി ആശാസ്യമാണോ? ബഹുഭൂരിപക്ഷം വിദ്യാലയങ്ങളിലും തുടർന്നുവന്ന ഈ സമ്പ്രദായത്തിലൂടെ കുട്ടികളുടെ ഭാഷാശേഷികൾ വികസിച്ചിട്ടുണ്ടോ? ഓരോ ക്ലാസ്സിലും നേടണമെന്ന് നാം മുൻകൂട്ടി നിശ്ചയിച്ച നൈപുണികൾ അവർക്ക് നേടാനായോ? 'ഇല്ല' എന്ന ചരിത്രസത്യം ആണയിട്ടുപറയുന്ന അധ്യാപകസമൂഹം, അതിനുള്ള കാരണം കണ്ടെത്തുകയും അത് പരിഹരിക്കുകയും വേണം. അതിനുള്ള നല്ല തുടക്കമാവണം ഈ പുതിയ സമീപനം.

ഭാഷയുടെ സൗന്ദര്യവും ഓജസ്സും തിരിച്ചറിഞ്ഞ് സ്വതന്ത്രമായ ആവിഷ്കാരങ്ങൾക്ക് അവസരമൊരുക്കാൻ കഴിയുന്ന ഭാഷാപഠനാന്തരീക്ഷമാണ് പ്രൈമറി ക്ലാസ്സുകളിൽ ഉണ്ടാകേണ്ടത്. ലളിതമായ ഭാഷാവ്യവഹാരരൂപങ്ങളും കഥകൾ, കവിതകൾ, ഉപന്യാസങ്ങൾ മുതലായ സാഹിത്യരൂപങ്ങളും ഈ ഘട്ടത്തിൽ പരിചയപ്പെടുകയും സർഗാത്മക രചനകൾ നടത്തുകയും ചെയ്യണം. വർത്തമാനപത്രങ്ങൾ മുതൽ സാഹിത്യകൃതികൾ വരെ ലഭ്യമാകുന്ന അക്ഷരസമ്പന്നവും ആശയസമ്പന്നവുമായ അക്കാദമികാന്തരീക്ഷം സ്കൂളിലുണ്ടാവണം. അക്ഷരങ്ങൾ, ചിഹ്നങ്ങൾ, പദങ്ങൾ, പ്രയോഗങ്ങൾ, ശൈലികൾ മുതലായവ ആവശ്യാനുസരണം കൃത്യതയോടെ ഉപയോഗിക്കുന്നതിനുള്ള ശേഷികളും ഈ ഘട്ടത്തിൽ വികസിച്ച് വരേണ്ടതുണ്ട്.